(ബി) റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നവർക്കെല്ലാം ജോലി നൽകത്തക്കവിധം ഒഴിവുകൾക്ക് ആനുപാതികമായി ലിസ്റ്റ് പരിമിതപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) റാങ്ക് ലിസ്റ്റിൽ കൂടുതൽ പേരുടെ പേർ ചേർക്കുന്നതുമൂലം ഉണ്ടാകാനിടയുള്ള അഴിമതി സാദ്ധ്യത തടയാൻ റാങ്ക് ലിസ്റ്റ് പരിമിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

(ബി ആന്റ് സി) പി. എസ്. സി.-യിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

ബ്ലാക്ക്സ്മിത്ത് തസ്തികയിലേക്കുള്ള പി. എസ്.സി. പരീക്ഷ

10 [T3061] ശ്രീ. ടി. വി. ചന്ദ്രമോഹൻ:

„ പി. ജെ. ജോയി:

ഡോ. എം. എ. കുട്ടപ്പൻ:

ശ്രീ. വർക്കല കഹാർ:

„ കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽ ബ്ലാക്ക്സ്മിത്ത് ആയി നിയമിക്കപ്പെടുന്നതിന് പി.എസ്.സി. ഏറ്റവും ഒടുവിൽ അപേക്ഷ ക്ഷണിച്ചതനുസരിച്ച് അപേക്ഷിച്ചവരിൽ 18 വയസ്സിനു മുമ്പ് പരിചയം നേടിയ എത്ര പേരുണ്ടായിരുന്നു;

(ബി) ഈ തസ്തികയിലേക്കുള്ള നിയമനത്തിന് എഴുത്തു പരീക്ഷയിൽ റാങ്കു നേടി ഷോർട്ട് ലിസ്റ്റിൽ വന്നവർ 18 വയസ്സിനു മുമ്പായാണ് പരിചയം നേടിയതെന്നു പറഞ്ഞ് അത്തരക്കാരെ ഒഴിവാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിൽ എന്ന് അറിയിക്കാമോ;

(ഡി) ഈ തസ്തികയ്ക്ക് അപേക്ഷ ക്ഷണിച്ചപ്പോൾ ഇപ്രകാരമൊരു വ്യവസ്ഥ വച്ചിരുന്നുവോ;

(ഇ) ഈ പോസ്റ്റിനുവേണ്ടി അപേക്ഷിക്കുകയും ഷോർട്ട് ലിസ്റ്റിൽ വരുകയും ചെയ്തവരുടെ പരിചയം സംബന്ധിച്ച സർട്ടിഫിക്കറ്റിൽ പാകപ്പിഴയുണ്ടെങ്കിൽ അതു പരിഹരിക്കുന്നതിന് സൗകര്യം നൽകിയോ;

(എഫ്) അതിനുവേണ്ടി പാകപ്പിഴ വരുത്തിയവരെയെല്ലാം വിവരം അറിയിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ—എഫ്) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly